പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **1462** — **07.06.2018**-ൽ മറുപടിയ്ക്ക്

## വില്ലേജ് ഓഫീസുകളെ അഴിമതിമുക്തമാക്കുന്നതിന് നടപടി

| ചോദ്യം : | മറുപടി : |
| --- | --- |
| ശ്രീ.വി. കെ. സി. മമ്മത് കോയ | ഇ. ചന്ദ്രശേഖരൻ<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) കേരളത്തിലെ എല്ലാ വില്ലേജ് ഓഫീസുകളിലും പൗരാവകാശ രേഖ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ എന്നറിയിക്കാമോ, | (എ) കേരളത്തിലെ എല്ലാ വില്ലേജ് ഓഫീസുകളിലും പൗരാവകാശരേഖ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. |
| (ബി) കേരളത്തിലെ എല്ലാ വില്ലേജ് ഓഫീസുകളെയും അഴിമതി വിമുക്തമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (ബി) റവന്യൂ വകുപ്പിലെ അഴിമതി നിയന്ത്രിക്കുന്നതിലേക്കായി മൂന്ന് വിജിലൻസ് ഡെപ്യൂട്ടി കളക്ടർമാർക്ക് മൂന്ന് മേഖലകളായി തിരിച്ച് ചുമതല നൽകിയിട്ടുള്ളതാണ്. എല്ലാ ജില്ലാ കളക്ടേറ്റുകളിലും ഒരു സീനിയർ സൂപ്രണ്ടിന്റെ ചുമതലയിൽ ഇൻസ്പെക്ഷൻ ആന്റ് വിജിലൻസ് വിഭാഗം കാര്യക്ഷമമായി പ്രവർത്തിച്ച് വരുന്നു. താലൂക്ക് തലത്തിൽ ഡെപ്യൂട്ടി തഹസിൽദാർമാരുടെ നേതൃത്വത്തിൽ പരിശോധനാ വിഭാഗവും പ്രവർത്തിച്ചു വരുന്നുണ്ട്. ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ നിന്നും എല്ലാ കളക്ടേറ്റുകളിലും റവന്യൂ ഡിവിഷണൽ ഓഫീസുകളിലും, താലൂക്കാഫീസുകളിലും വാർഷിക പരിശോധന നടത്തിയിട്ടുള്ളതും താലൂക്കുകളിലും വില്ലേജ് ഓഫീസുകളിലും ആകസ്മിക പരിശോധന നടത്തി പരിശോധന കുറിപ്പ് തയ്യാറാക്കി ന്യൂനതകൾ പരിഹരിച്ച് വരുന്നുണ്ട്. കൂടാതെ |

| | |
|---|---|
| | അഴിമതിരഹിത ഭരണ നിർവ്വഹണത്തിന് വേണ്ടി സർക്കാർ നിർദ്ദേശ പ്രകാരമുള്ള നോട്ടീസുകൾ, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഫോൺ നമ്പരുകൾ, മേൽവിലാസം എന്നിവ കളക്ടേറ്റ്, താലൂക്ക് വില്ലേജ് ഓഫീസുകൾ എന്നിവടങ്ങളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. മേൽ പ്പറഞ്ഞ ഓഫീസുകളിൽ വിജിലൻസ് & ആന്റി കറപ് ഷൻ ഉദ്യോഗസ്ഥരുടെ ഫോൺ നമ്പരുകൾ, ഓഫീസ് മേൽവിലാസം എന്നിവ നോട്ടീസ് ബോർഡിൽ പ്രദർശിപ്പി ച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് കാര്യക്ഷമമായും അഴിമതിരഹിതവുമായ സേവനം നൽകുന്ന തിന് ആവശ്യമായ നിർദ്ദേശങ്ങൾ ഉൾക്കൊ ള്ളുന്ന സർക്കുലറുകൾ റവന്യൂ വകുപ്പിലെ ജീവനക്കാർക്ക് നൽകിയിട്ടുണ്ട്. |
| (സി) കേരളത്തിലെ വില്ലേജ് ഓഫീസുകളിൽ സോഷ്യൽ ഓഡിറ്റ് സമ്പ്രദായം നടപ്പിലാ ക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) ഈ വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**